കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1268/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 26/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1268/2023 തീയ്യതി: 26/12/2023

ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-04-2023 മുതൽ 03-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 08-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അനിൽ മാത്യു ഐപ്പ്	ഡെപ്യൂട്ടി ഡയറക്ടർ	04-12-2023	11-12-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-12-2023	11-12-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം.യു., ഓഡിറ്റ് ഓഫീസർ
ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. അശ്വതി വി.നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷൈനി എം.ആർ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മഞ്ജു ബിജു	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ. എ. ശ്രീധരൻ	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ബിമോൻ പി.ബേബി,ഗ്രേഡ് 1 ഓവർസിയർ	അസി.എഞ്ചിനിയർ ഇൻ ചാർജ്ജ്	01-04-2022	30-04-2022

ശ്രീ ഷാജി കെ.പി	അസി.എഞ്ചിനിയർ	01-05-2022	26-09-2022
ശ്രീമതി സുജ എ.ഡി	അസി.എഞ്ചിനിയർ	27-09-2022	31-03-2023
ശ്രീമതി പ്രിയ പീറ്റർ	കൃഷി ഓഫീസർ	01-04-2022	31-03-2023
ശ്രീമതി അജിതകുമാരി കെ.എസ്	അസി.സെക്രട്ടറി	01-04-2022	31-03-2023
ശ്രീമതി രാകേന്ദു കെ.ആർ	ഡയറി എക്സ്റ്റൻഷൻ ഓഫിസർ	01-04-2022	31-03-2023
ശ്രീമതി ബെറ്റി കെ.പോൾ	ഹെഡ് മിസ്ട്രസ്	01-04-2022	31-03-2023
ശ്രീമതി പുഷ്പലത	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	28-02-2023
ശ്രീമതി അജിത കെ.എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-03-2023	31-03-2023
ശ്രീമതി സരിത കൃഷ്ണൻ	വി.ഇ.ഒ	01-04-2022	31-03-2023
ശ്രീ സനിത്	സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2022	31-03-2023
ഡോ. അനുഷ സലി	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ഡോ. രഹിന വി.കെ.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2022	31-03-2023
ഡോ. അമ്പിളി. എം.കെ.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	24-01-2023
ഡോ. പ്രവീൺ ബി. വിശ്വം	മെഡിക്കൽ ഓഫീസർ (ഹോമിയോ)	25-01-2023	31-03-2023
ഡോ. മിഥുൻ കെ.	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	01-04-2022	12-10-2022
ഡോ. ഗോപിനാഥൻ മോൻ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.	13-10-2022	11-11-2022
ഡോ. അക്സ ജി.എം.	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.	12-11-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം	1-1-2
4	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല	1-1-3
5	വാർഷികധനകാര്യപത്രികയിലെ തുകയും വരവ് രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല	1-1-4
6	അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിലെ രേഖപ്പെടുത്തൽ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല	1-1-6
8	വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല	1-1-7
9	B2, B4- ഷെഡ്യൂളുകൾ പ്രകാരമുള്ള തുക അവയുടെ അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.	1-1-8
10	ബജറ്റ്	1-2
11	ഗ്രാന്റ് വിനിയോഗം	1-3
12	സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ വരവിലെടുത്തില്ല.	1-3-1
13	റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ആകെ ₹ 2827301 /- നഷ്ടമായി	1-3-2
14	പദ്ധതി അവലോകനം	1-4
15	തൊഴിലുറപ്പ് പദ്ധതി	1-5
16	ക്ഷേമ പദ്ധതികൾ	1-6
17	ക്യാഷ് പരിശോധന	1-7
18	ആഭ്യന്തര നിയന്ത്രണം	1-8
19	തനതുഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിലെ ഇടപാടുകൾക്ക് ബാങ്ക് ചാർജ് ഈടാക്കുന്നു.	1-9
20	തനത് വിഭവ സമാഹരണം - അവലോകനം	1-10
21	പാർക്കിംഗ് ഫീ ലഭ്യായിട്ടില്ല	1-11
22	ചുനയംമാക്കൽ ടോയ്‌ലറ്റ് -വാടക ലഭ്യമായിട്ടില്ല	1-12
23	ഡെപ്പോസിറ്റ് തുക തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല	1-13
24	മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റ പണി-കാട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല	1-14
25	പി.എച്ച്.സിക്ക് മോട്ടോർ വാങ്ങൽ-ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല	1-15
26	ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ-ഇൻകം ടാക്സ് പൂർണ്ണമായും ഈടാക്കിയില്ല	1-16
27	കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ തൈവിതരണ പദ്ധതികൾ- മത്സരാധിഷ്ഠിത വിലയും ഗുണനിലവാരവും ഉറപ്പാക്കിയതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സം.	1-17
28	മുറ്റത്തൊരു മീൻതോട്ടം വെഞ്ചുറി പമ്പ് സ്ഥാപിച്ചില്ല	1-18
29	മുന്നൊരുക്കങ്ങൾ നടത്താതെ വാങ്ങൽ നടത്തിയതുമൂലം ബെയ് ലിംഗ് മെഷിൻ പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല	1-19
30	വാതിൽപ്പടി സേവനം-മുൻകൂറായി പിൻവലിച്ച തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല	1-20
31	അതി ദരിദ്രർക്കുള്ള സേവനം-പദ്ധതി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല	1-21

32	ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ഹാൾ അറ്റകുറ്റ പണി-അപാകതകൾ	1-22
33	റോഡ് കണക്റ്റിവിറ്റി മാപ്പിംഗ്-പദ്ധതി പൂർത്തീകരിച്ചിട്ടില്ല	1-23
34	യമുന കുടിവെള്ള പദ്ധതി- എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഇനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാതെ അന്തിമ ബിൽ നൽകി കരാർ പ്രവൃത്തി അവസാനിപ്പിച്ചു	1-24
35	'ടേക്ക് എ ബ്രേക്ക്' -ഒന്നര വർഷം കഴിഞ്ഞിട്ടും 50% നിർമ്മാണ പ്രവർത്തനങ്ങൾ പോലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല	1-25
36	പണ്ടാരപ്പടി കുടിവെള്ള പദ്ധതി-പദ്ധതി പൂർത്തീകരണം സാധ്യമായിട്ടില്ല	1-26
37	വെള്ളത്തൂവൽ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- 4 വർഷം കഴിഞ്ഞിട്ടും പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല	1-27
38	സപ്ലൈ ഓർഡർ നൽകിയ മെഡിക്കൽ ഉപകരണം നാളിതുവരെ പി.എച്ച്.സി.യിൽ ലഭ്യമായിട്ടില്ല	1-28
39	വനിതകൾക്ക് യോഗ പരിശീലനം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ	1-29
40	അംഗൻവാടി പോഷകാഹാരം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ	1-30
41	ഓഡിറ്റ് ഇംപാക്ട്-ലൈഫ് ഭവനപദ്ധതി എസ് സി- അധികം അനുവദിച്ച തുക തിരികെ അടവാക്കി	1-31
42	ഭവനപുനരുദ്ധാരണത്തിനായുള്ള പദ്ധതികൾ- രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ	1-32
43	കാലിത്തീറ്റ സബ്സിഡി രേഖകളിൽ അപര്യാപ്തത	1-33
44	എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി പൂർത്തിയായില്ല.	1-34
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
	--- No Records Found ---	
	ഭാഗം **4**	
1	സംയുക്ത പ്രോജക്ടുകൾ	4-1
2	ഡെപ്പോസിറ്റ് പ്രവൃത്തികൾ	4-2
3	മോബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27-06-2023 ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 27-06-2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വെള്ളത്തൂവൽ ഗ്രാമപ്പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തിരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വെള്ളത്തൂവൽ ഗ്രാമപ്പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

26.12.2023 ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ) (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

1) 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	2021-22 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള തുക	2022-23 ലെ മുന്നിരിപ്പ് (ട്രയൽബാലൻസിലെ തുക)
Excess Of Income Over Expenditure	901858.50	900560.5
Out Door Collection Control Account	0	1298

2) ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൌണ്ടിൽ തുക അവശേഷിക്കുന്നു

വാർഷികധനകാര്യപത്രിക പ്രകാരം ഷെഡ്യൂൾ RP-45-ലെ ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ട് എന്ന ശീർഷകത്തിൽ ₹71764/- അവശേഷിച്ചിരുന്നു. ആയത് നിലവിലും ഈ ശീർഷകത്തിൽ നിലനിർത്തിയിരിക്കുന്നു. വരവുകൾ യഥാർത്ഥ ശീർഷകങ്ങളിലേയ്ക്ക് മാറ്റിയിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹369117/-യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹9727328/- ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 വാർഷികധനകാര്യപത്രികയിലെ തുകയും വരവ് രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

വിവിധ വരവിനങ്ങളിലെ വാർഷികധനകാര്യപത്രികയിലെ തുകയും വരവ് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

1-1-5 അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിലെ രേഖപ്പെടുത്തൽ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

Advance To Implementing Officers, Advance To MGNREGA എന്നീയിനങ്ങളിൽ വാർഷികധനകാര്യപത്രികയിലെയും അഡ്വാൻസ് രജിസ്റ്ററിലെയും തുക പൊരുത്തപ്പെടുന്നില്ല.

വാർഷികധനകാര്യപത്രികയിലെ Bidders EMD,Suppliers SD, Contractors EMD എന്നീ ഇനങ്ങളിലെ മുന്നിരിപ്പ്, Bidders EMD, Contractors EMD എന്നീ ഇനങ്ങളിലെ വരവ്, Bidders EMD,Suppliers SD, Election Deposit എന്നീ ഇനങ്ങളിലെ നീക്കിയിരിപ്പ് എന്നിവ ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-6 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം&എക്സ്പെൻഡീച്ചർ അക്കൌണ്ട് (ഐ-18, ഐ-19) പ്രകാരം ജേർണൽ വൌച്ചർ പ്രകാരം എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൌച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതമാണെന്നോ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

1-1-7 വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1-1-8 B2, B4- ഷെഡ്യൂളുകൾ പ്രകാരമുള്ള തുക അവയുടെ അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

1) Distress Relief Fund ഇനത്തിലെ തുക പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ B-2 ൽ Panchayath Distress Relief Fund ഇനത്തിലെ നീക്കിയിരിപ്പ് ₹9732/- ആണ്. എന്നാൽ ഷെഡ്യൂൾ RP-40(b), B-17 എന്നിവയിൽ ഈയിനത്തിലെ നീക്കിയിരിപ്പ് ₹6924/- ആണ്. ഈയിനത്തിലെ നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.

2) ഷെഡ്യൂൾ RP 40(b),B-17 എന്നിവയിലെ തുകയും B-4 ലെ തുകയും പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർക്കുന്ന ഇനങ്ങളിലെ B-4 ലെ തുകയും അതിനായുള്ള ബാങ്ക് അക്കൌണ്ടിലെ തുകയും പൊരുത്തപ്പെടുന്നില്ല

ഇനം	B-4	B-17&RP-40(b)
MGNREGA	3264925	4400
Jalanidhi	11158	208158

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റിന്റെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ഇനം	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം	ഭരണ സമിതി തീരുമാനം
പ്രാഥമിക ബജറ്റ്	1(1)/18.03.22	1(1) / 26.03.2022
പുതുക്കിയ ബജറ്റ്	1(1)/02.03.23	1(1) /08.03.2023

ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുകകൾ

ഇനം	പ്രാഥമിക ബജറ്റ്	പുതുക്കിയ ബജറ്റ്
മുന്നിരിപ്പ്	12403288	25705837.50
വരവ്	311873000	298043660
ആകെ	324276288	323749497.5
ചെലവ്	321361000	311364475
നീക്കിയിരിപ്പ്	2915288	12385022.5

1-3 ഗ്രാന്റ് വിനിയോഗം

		മുന്നിരിപ്പ് (₹)	അലോട്ട്മെന്റ്/ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് തുക (₹)
വികസന ഫണ്ട്	വികസന ഫണ്ട് – പൊതുവിഭാഗം		32286000	32286000	28957713	
	വികസന ഫണ്ട് – എസ്.സി.പി.		4819000	4819000	4378623	
	വികസന ഫണ്ട് – ടി.എസ്.പി.		420000	420000	397181	
ധനകാര്യ	15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	3961000	3961000	3099409	861591

കമ്മീഷൻ ഗ്രാന്റ്	(അൺടൈഡ്). 320200104					
	15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്). 320200113	0	8831813	8831813	7080477	1751336
സംരക്ഷണ ഗ്രാന്റ്	സംരക്ഷണ ഗ്രാന്റ്-റോഡ്		15556000	15556000	13002995	
	സംരക്ഷണ ഗ്രാന്റ്-റോഡിതരം		7893000	7893000	3487099	
കേന്ദ്രാവിഷ്കൃത ഫണ്ട്.	ഐ.സി.ഡി.എസ്. 320100125	446299	2622505	3068804	1320046	1748758
	ടോട്ടൽ സാനിറ്റേഷന്. 320100181	38053	0	38053	0	38053
സംസ്ഥാനാവിഷ്കൃത ഫണ്ട്	ശുചിത്വ മിഷൻ. 320100198	1422085	1525983	2948068	1573983	1374085
	സാക്ഷരത. 320100197	317476	0	317476	0	317476
കൈമാറി കിട്ടിയ വകുപ്പുകൾ	കൃഷി. 320200201	45000	0	45000	0	45000
	ഫിഷറീസ്. 320200203	32224	0	32224	0	32224
	സാമൂഹ്യനീതി. 320200205	25200	0	25200	0	25200
	ആരോഗ്യം. 320200206	4273	30000	34273	30000	4273
	പട്ടിക ജാതി. 320200213	17252	0	17252	0	17252
	കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് വേണ്ടി ഫണ്ട്. 320200299	29073	0	29073	0	29073
മറ്റ് ഫണ്ടുകൾ	വെള്ളപ്പൊക്ക ദുരിതാശ്വാസ ഗ്രാന്റ്. 320100192	47000	0	47000	0	47000
	ജലനിധി. 320300102	45654	291542	337196	326038	11158
	എം.എൽ.എ. ഫണ്ട്. 320200307	66258	416328	482586	415953	66633
	പകർവ്യാധി നിയന്ത്രണം. 320900102	4000	0	4000	0	4000
	കേന്ദ്ര അവാർഡ്. 320100105	110000	0	110000	0	110000
	ഐ.സി.ഡി.എസ്. 320100196	558606	0	558606	558606	0
	ഹെൽത്ത് ഗ്രാന്റ് 320100202	0	655459	655459	440502	214957
	മറ്റ് ബാധ്യതകൾ 3201001999	411249	6	411255	12	411243
	കൈമാറിക്കിട്ടിയ സ്ഥാപനം (ആയുർവേദം) 320200207	0	500000	500000	0	500000
	ഹെൽത്ത് ഗ്രാന്റ് വെൽനസ് 320100204	0	384338	384338	312580	71758

	മറ്റ് സർക്കാർ ഏജൻസികളിൽ നിന്ന് ധനസഹായം 320300199	3653449	147302	3800751	37302	3763449

1-3-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ വരവിലെടുത്തില്ല.

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റെസിപ്റ്റ് & പേയ്മെന്റ്) ടി വരവ്-ചെലവ് വിവരങ്ങൾ ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	സർക്കാർ ഉത്തരവ് നം.	ആകെ ലഭിച്ച ഫണ്ട് ₹	അങ്കണവാടി ഹോണറേറിയം കുറവ് ചെയ്തത് ₹	ലൈഫ് ലോണിനത്തിൽ കുറവ് ചെയ്തത് ₹	ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയ ഫണ്ട് ₹
വികസന ഫണ്ട് (ജനറൽ)	സ.ഉ.(സാധാ) നം.1049/2023/ധന./ 13.2.23	12048500	598600	1465038	9984862
	സ.ഉ.(സാധാ) നം. 2839/2022/ധന./ 8.4.22	8189000	598600	0	7590400
	സ.ഉ.(സാധാ) നം.6872/2022/ധന./ 12.10.22	12048500	598600	1465038	9984862
വികസന ഫണ്ട് (SCSP)	സ.ഉ.(സാധാ) നം.6872/2022/ധന./ 12.10.22	1605500	0	284372	1321128
	സ.ഉ.(സാധാ) നം.1049/2023/ധന./ 13.2.23	1605500		284371	1321129
വികസനഫണ്ട് (TSP)	സ.ഉ.(സാധാ) നം.6872/2022/ധന./ 12.10.22	140000		71541	68459
	സ.ഉ.(സാധാ) നം.1049/2023/ധന. / 13.2.23	140000		71541	68459

1-3-2 റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ആകെ ₹ 2827301 /- നഷ്ടമായി

അനുവദിക്കുന്ന വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന അനുസരിച്ച് അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്ത് ലഭിക്കുകയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ നിന്ന് ₹2827301/- ലാപ്സായി.

ഇനം	അലോട്ട്മെന്റ് ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹	ചെലവ് ശതമാനം	2023-24-ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹	ലാപ്സായ തുക ₹
റോഡിതര മെയിന്റനൻസ് ഗ്രാന്റ്	7893000	3487099	4405901	44.17	1578600	2827301

1-4 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
227	154034874	160	76675573	65	70.48

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ തൻ വർഷം നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് ശതമാനം
കൃഷി ഓഫീസർ	10	10	100	2157966	2157966	100
വെറ്ററിനറി സർജൻ	8	8	100	8741200	8736720	99.95
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി	6	6	100	3124397	2831501	90.62
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	100	200000	200000	100
മെഡിക്കൽ ഓഫീസർ-ആയുർവേദം	1	1	100	400000	400000	100
വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	17	15	88.24	43884559	10077797	22.96
ഐ.സി.ഡി.എസ് സൂപ്പർവൈസർ	10	10	100	7018800	5838219	83.18
സെക്രട്ടറി	36	29	80.55	21506056	15612007	72.59
ഹെഡ്മാസ്റ്റർ	2	0	0	300000	0	0
അസിസ്റ്റന്റ് എഞ്ചിനിയർ	128	72	56.25	60874394	26777048	43.98
ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	2	2	100	2912502	1862502	63.95
അസിസ്റ്റന്റ് സെക്രട്ടറി	5	5	100	2415000	2131884	88.28
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	1	100	500000	49929	9.98
ആകെ	227	160	70.48	154034874	76675573	49.77

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹

തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്)	24	4716461	4716485	1451560	3264925
തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ	0	72155099	72155099	72155099	0

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതികളുടെ പേര്	ചെലവഴിച്ച തുക(₹)	ഗുണഭോക്താക്കളുടെ എണ്ണം
വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം	30000	1
കർഷക തൊഴിലാളി പെൻഷൻ	3459200	292
വിധവാപെൻഷൻ	8275000	717
വാർദ്ധക്യകാല പെൻഷൻ	26479400	2277
വികലാംഗ പെൻഷൻ	3723600	296
അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്കുള്ള പെൻഷൻ	426600	37

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹18152/- (പതിനെണ്ണായിരത്തി ഒരുന്നൂറ്റി അമ്പത്തി രണ്ട് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകൾ രേഖമൂലം കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതു മരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ പഞ്ചായത്ത് കമ്മിറ്റിയുടെ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്റ്റുകൾ അവലോകനം നടത്തുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്റ്റുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തു നികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

വെള്ളത്തുവൽ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി പദ്ധതി ആവിഷ്കരിച്ച് 4 വർഷം പിന്നിട്ടെങ്കിലും പദ്ധതി പ്രാരംഭ പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ടേക്ക് എ ബ്രേക്ക് പദ്ധതിയും സമയബന്ധിതമായി

പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. യമുന കുടിവെള്ള പദ്ധതി, പണ്ടാരപ്പടി കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. എം.സി.എഫി- ലേക്ക് ബെയ് ലിംഗ് മെഷിൻ വാങ്ങിയിട്ടുണ്ടെങ്കിലും ത്രീ ഫേസ് വൈദ്യുതി ലൈനിന്റെ അഭാവം മൂലം സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. വാതിൽ പടി സേവനത്തിനായി മുൻകൂറായി പിൻവലിച്ച തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

1-9 തനതുഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിലെ ഇടപാടുകൾക്ക് ബാങ്ക് ചാർജ് ഈടാക്കുന്നു.

ഗ്രാമപ്പഞ്ചായത്തിന്റെ തനതുഫണ്ട് സൂക്ഷിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വെള്ളത്തൂവൽ ശാഖയിലെ (അക്കൗണ്ട് നം.10561832822) ഇടപാടുകൾക്ക് (Excess Cash Depost Charge എന്ന Description-ൽ) ബാങ്ക് ചാർജ് ഈടാക്കുന്നുണ്ട്. 2023 ഓഗസ്റ്റ് മുതൽ ₹59 രൂപ നിരക്കിൽ ചാർജ് ഈടാക്കിവരുന്നുണ്ട്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ മാത്രം 36 തവണകളായി ₹2124/- ഈടാക്കിയിട്ടുണ്ട്. ഇങ്ങനെ ബാങ്ക് ചാർജ് നൽകേണ്ടി വരുന്നതുമൂലം ഓരോ മാസവും ഗണ്യമായ തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നു. ഈയിനത്തിൽ തുക നഷ്ടപ്പെടുന്നത് അംഗീകരിക്കാവുന്നതല്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കുന്നതിനായി ബാങ്ക് അധികൃതരുമായി കൂടിയാലോചന നടത്തുന്നതിനും, അനുകൂലമായ നിലപാട് ഇല്ലാത്തപക്ഷം സൗകര്യപ്രദമായ മറ്റൊരു ബാങ്കിലേയ്ക്ക് തനതുഫണ്ട് നിക്ഷേപം മാറ്റുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-10 തനത് വിഭവ സമാഹരണം - അവലോകനം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ റവന്യൂ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള അവലോകനക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ, പെർമിറ്റ് ഫീസുകൾ, മണൽ ലേലം ഉടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ. പ്രധാന വരവിനങ്ങളുടെ നിർണയം, ഡിമാന്റ്, പിരിവ് ഉടങ്ങിയ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി പരിഷ്കരണം

ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളാണുള്ളത്. പഞ്ചായത്തിലെ പ്രധാന വരുമാനം വസ്തു നികുതിയാണ്.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203-ാം വകുപ്പ്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ 5 വർഷ കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്യേണ്ടതാണ്. 01/04/2023 മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഒരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ 05/04/2023ലെ സ.ഉ.(അച്ചടി)25/2023/LSGD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. തദ്ദേശ

സ്വയംഭരണ(ആർ.സി.) വകുപ്പിന്റെ 22-03-2023ലെ സ.ഉ.(കൈ)നം.77/2023/LSGD നമ്പർ ഉത്തരവിലൂടെ 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. തദനുസരണം വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് 25.04.2023-ലെ 1(2) തീരുമാനപ്രകാരം നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

07.08.2023 ലെ 6(1) തീരുമാനപ്രകാരം അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്നുമുള്ള നിർദ്ദേശമുണ്ടെങ്കിലും യോഗ്യരായവരെ നാളിതുവരെ തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ കട്ടപ്പന ഗവ.ഐ.റ്റി.ഐ.യിലെ 34 വിദ്യാർത്ഥികൾ വിവരശേഖരണത്തിന് സന്നദ്ധരാണെന്ന് ഫയലിൽ നിന്നും (കത്ത് നം. എ2-2839/22 തീയതി 19.10.2023) മനസ്സിലാക്കുന്നു. യോഗ്യരായവരുടെ സേവനം ലഭ്യമാക്കി സർക്കാർ മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്.

നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾകൂടി പാലിയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തുനികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. ആയതിനെ അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർനിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

2. തൊഴിൽ നികുതി

തൊഴിൽ നികുതിയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശികയില്ലെങ്കിലും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ പ്രൊഫഷണൽസ്, ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങി എല്ലാ മേഖലയിലുള്ളവരുടെയും കൃത്യമായ ഡേറ്റാ ശേഖരിച്ച് പരമാവധി പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ലൈസൻസ് ഫീസുകൾ

വ്യാപാര സ്ഥാപനങ്ങളിൽനിന്ന് പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. എന്നാൽ വ്യാപാരികൾക്ക്

പ്രത്യേക ഡിമാന്റ് നമ്പരുകൾ നൽകി വാർഡ് അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയിട്ടില്ല. ആകയാൽ ഡിമാന്റായി സൂചിപ്പിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. 283 വ്യാപാര സ്ഥാപനങ്ങളെയും 109 ലോഡ്ജിംഗ് സ്ഥാപനങ്ങളെയും (റിസോർട്ട്, ഹോംസ്റ്റേ മുതലായവ) 2022-23 വർഷത്തിൽ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. 7,66,750/- തൻവർഷം ഈയിനത്തിൽ വരവുണ്ട്. ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നീ ഇനങ്ങളിൽ വരവ് നഷ്ടമുണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാവുന്നതും ആയതിന് പ്രാദേശിക പരിശോധനയുൾപ്പടെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

4) വാടക, കുത്തകാവകാശം

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 50 കടമുറികളാണുള്ളത്. വാടക രജിസ്റ്റർ പ്രകാരം തൻവർഷം ₹18,82,515/- രൂപ വരവുണ്ട്. ചുനയംമാക്കൽ ടോയ്‌ലറ്റ് വാടക ലഭ്യമായിട്ടില്ല.(ഖണ്ഡിക 1-9 കാണുക).

1-11 പാർക്കിംഗ് ഫീ ലഭ്യായിട്ടില്ല

ഹോഷിയ റിസോർട്ടിന്റെ വാഹനങ്ങൾ രാത്രി കാലങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ഈട്ടിസിറ്റിയിൽ സ്ഥിതി ചെയ്യുന്നതുമായ ഗ്രൗണ്ടിൽ പാർക്ക് ചെയ്യുന്നതിന് അനുമതി ചോദിച്ചതിനെ തുടർന്ന് 13.12.22 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി പ്രതിമാസം ₹1000/-നിരക്കിൽ വാടക നിശ്ചയിച്ച് ഹോഷിയ റിസോർട്ടിന് വാഹന പാർക്കിംഗിനുള്ള അനുമതി നൽകിയിരുന്നു (തീരുമാനം നം. 27/1). വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന് ഗ്രൗണ്ട് വാടകയിനത്തിൽ വരവൊന്നും ലഭിച്ചതായി കാണുന്നില്ല. വാടക ലഭ്യമാകാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/7.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ വ്യവസ്ഥകളുൾപ്പെടുന്ന ബന്ധപ്പെട്ട ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാഹന പാർക്കിംഗ് ഫീ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 ചുനയംമാക്കൽ ടോയ്‌ലറ്റ് -വാടക ലഭ്യമായിട്ടില്ല

ധാരാളം വിനോദ സഞ്ചാരികൾ സന്ദർശനത്തിനായി എത്തിച്ചേരുന്ന ടൂറിസ്റ്റ് കേന്ദ്രമാണ് വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്തിൽ വാർഡ് 8 ൽ സ്ഥിതി ചെയ്യുന്ന ചുനയംമാക്കൽ വെള്ളച്ചാട്ടം. ഈ വെള്ളച്ചാട്ടത്തിന് സമീപം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള ടോയ്‌ലറ്റ് കെട്ടിടം അടഞ്ഞു കിടക്കുന്നത് വിനോദ സഞ്ചാരികൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ടോയ്‌ലറ്റ് നടത്തിപ്പിനു വേണ്ടി ടി കെട്ടിടം കാരുണ്യ കുടുംബശ്രീ യൂണിറ്റിന് പ്രതിമാസം ₹1000/-യ്ക്ക് വാടകയ്ക്ക് നൽകുന്നതിന് 5.4.2022ലെ 5/22 നമ്പരായി കമ്മിറ്റി തീരുമാനമെടുക്കുകയും തുടർനടപടികൾക്കായി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. കാരുണ്യ കുടുംബശ്രീ യൂണിറ്റിൽ നിന്നും വാടകയിനത്തിൽ ലഭ്യമായ തുകയുടെ വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/6.12.23) കുടുംബശ്രീ യൂണിറ്റ് കരാറിലേർപ്പെടാൻ തയ്യാറായില്ലെന്നും മറ്റാരും ടോയ്‌ലറ്റ് ഏറ്റെടുത്ത് നടത്താൻ മുന്നോട്ടുവരാത്തതിനാൽ ടോയ്‌ലറ്റിന്റെ നടത്തിപ്പു ചുമതല ഹരിതകർമ്മസേനയെ ഏൽപ്പിച്ചിരിക്കുകയാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 13.12.2022ലെ 27/5 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ടോയ്‌ലറ്റിന്റെ നടത്തിപ്പു ചുമതല പ്രതിമാസം ₹500/- നിരക്കിൽ സുമ ചന്ദ്രൻ നങ്ങേരാട്ട്, മിനി അശോകൻ തോണ്ടിപ്പാറ എന്നിവരെ ഏൽപ്പിച്ചിട്ടുള്ളതായി മിനിറ്റ്സുകളുടെ പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. രേഖാമൂലം ആവശ്യപ്പെട്ടിട്ടും (എൻക്വയറി നം.15/7.12.2023) വാടക ഈടാക്കിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും വാടക ഈടാക്കേണ്ടതും ടോയ്‌ലറ്റിൽ നിന്നുള്ള ഫീസ് പിരിവ് അവകാശം ലേലം ചെയ്തു നൽകേണ്ടതുമാണ്.

1-13 ഡെപ്പോസിറ്റ് തുക തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ മുതുവാൻകുടി കരയിലെ പ്രസാദ് പടി പ്ലാച്ചിക്കൽ പടി റോഡിന്റെ സൈഡിൽ കൂടി കുടിവെള്ള പൈപ്പ്

സ്ഥാപിക്കുന്നതിന് റോഡ് കട്ട് ചെയ്യുന്നതിനുവേണ്ടി 28.03.2018-ൽ ശ്രീ. കെ.വി. മുഹമ്മദ് ഇസ്സാക്, ഡെസിഗ്നേറ്റഡ് പാർട്ട്നർ, EVE ഹോട്ടൽസ് കാലിക്കറ്റ് എന്നയാൾ 2 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തിൽ ഒടുക്കു വരുത്തിയിരുന്നു. റോഡ് കട്ടിംഗ് നടത്താത്ത സാഹചര്യത്തിൽ 2 ലക്ഷം രൂപ തിരികെ ലഭിക്കുവാനായി ടിയാൻ അപേക്ഷയും നൽകിയിരുന്നു. റോഡ് കട്ടിംഗിന് അനുവാദം നൽകിയിട്ട് മൂന്നര വർഷം കഴിഞ്ഞിട്ടുള്ളതിനാലും റോഡ് കുഴിച്ച് പൈപ്പ് സ്ഥാപിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ കഴിയാത്തതിനാലും ഡെപ്പോസിറ്റ് തുക തിരികെ നൽകേണ്ടതില്ലെന്നും ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും 30.06.22 ലെ 6/8 നമ്പർ പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. ₹200000/- തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/7.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹200000/- തനതുഫണ്ടിലേക്ക് മുതൽകൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-14 മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റ പണി-ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി ഗ്രാമ പഞ്ചായത്ത്
പ്രോജക്ട് നം.	253/23
പദ്ധതി അടങ്കൽ	₹100000/-(തനതു ഫണ്ട്)
പദ്ധതി ചെലവ്	ചെക്ക് നം.612651/15.3.23;₹20709/-

മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റ പണികൾക്കായി മേൽ പരാമർശിച്ചിട്ടുള്ള ചെക്ക് പ്രകാരം ₹20709/- ജെ.ജെ. ഇലക്ട്രിക്കൽസ്, അടിമാലി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 2013-ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7-6, 7-31 എന്നിവയിൽ ₹15000/- ല്ക്കു മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ക്വട്ടേഷൻ നടപടികൾ കൂടാതെയാണ് ജെ.ജെ. ഇലക്ട്രിക്കൽസിൽ നിന്നും സാധന സാമഗ്രികൾ വാങ്ങിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.09.2011 ലെ 3055/ഡിഎ3/2011 സർക്കുലർ അനുസരിച്ച് അറ്റകുറ്റ പണികൾ ഏറ്റെടുക്കുന്നതിനുമുമ്പ് KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമവും പ്രവർത്തനരഹിതവുമായ തെരുവു വിളക്കുകളുടെ വിവരം ശേഖരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് അറ്റകുറ്റ പണികൾ നടത്തിയിട്ടുള്ളത്. അറ്റകുറ്റ പണികൾ നടത്തിയിട്ടുള്ളത് സംബന്ധിച്ച് KSEB യിൽ നിന്നുള്ള സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/6.12.23) പൊതു ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരിഗണിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി അറ്റകുറ്റ പണികൾ നടത്തുകയായിരുന്നുവെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റ പണികൾ നടത്തുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1-15 പി.എച്ച്.സിക്ക് മോട്ടോർ വാങ്ങൽ-ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി ഗ്രാമ പഞ്ചായത്ത്
പ്രോജക്ട് നം	264/23
പദ്ധതി അടങ്കൽ	₹70000/-(തനതു ഫണ്ട്)
പദ്ധതി ചെലവ്	ചെക്ക് നം. 399854/9.12.22;₹58200/- ചെക്ക് നം.442962/16.12.22;₹1450/-

പി.എച്ച്.സിക്ക് മോട്ടോർ വാങ്ങൽ എന്ന പദ്ധതിക്കായി തനതു ഫണ്ടിൽ നിന്നും ₹59650/- കൊല്ലംകുടി ആഗ്രോ എൻജിനിയറിംഗ് കമ്പനി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7-6, 7-31

എന്നിവയിൽ ₹15000/- യ്ക്ക മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ക്വട്ടേഷൻ നടപടികൾ കൂടാതെയാണ് കൊല്ലംകടി ആഗ്രോ എൻജിനിയറിംഗ് കമ്പനി എന്ന സ്ഥാപനത്തിനിൽ നിന്നും സാധന സാമഗ്രികൾ വാങ്ങിയിട്ടുള്ളത്. മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനു മുമ്പായി എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നുള്ള എസ്റ്റിമേറ്റ് ആവശ്യമായിരുന്നെങ്കിലും എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ അഭാവത്തിലാണ് സാധന സാമഗ്രികൾ വാങ്ങിയിട്ടുള്ളത്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.5/6.12.23) പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ-ഇൻകം ടാക്സ് പൂർണ്ണമായും ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി ഗ്രാമ പഞ്ചായത്ത്
പ്രോജക്ട് നം	210/23
പദ്ധതി അടങ്കൽ	₹1285396/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
പദ്ധതി ചെലവ്	ബിൽ നം.22101052012900901582/13.12.22/ ₹882876/-

ഗ്രാമ പഞ്ചായത്തിൽ നിന്നും 74820 Kg അജൈവ മാലിന്യങ്ങൾ നീക്കം ചെയ്ത വകയിൽ കിലോഗ്രാമിന് ₹10.80/-നിരക്കിൽ (18% ജി.എസ്.ടി യുൾപ്പെടെ) ₹882876/- ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. ₹748200/- യ്ക്ക് 2% നിരക്കിൽ ₹14964/- ഇൻകം ടാക്സ് ഇനത്തിൽ കമ്പനിയിൽ നിന്നും ഈടാക്കേണ്ടതായിരുന്നെങ്കിലും ₹7482/- മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇൻകം ടാക്സിനത്തിലെ കുറവ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/7.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന തുക കരാർ കമ്പനിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-17 കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ തൈവിതരണ പദ്ധതികൾ- മത്സരാധിഷ്ഠിത വിലയും ഗുണനിലവാരവും ഉറപ്പാക്കിയതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സം.

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 6 തൈ വാങ്ങൽ പദ്ധതികളാണ് 2022-23 വർഷം നടപ്പാക്കിയത്. സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി.) നം.813/22/കൃഷി തീയതി 16.09.22 ന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വാങ്ങലെല്ലാം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തൊടുപുഴ ബ്രാഞ്ചിൽ നിന്നും നേരിട്ടാണ് നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി നം.	പേര്	അടങ്കൽ	വാങ്ങൽ വിശദാംശം	ചെലവ്	ബിൽ നമ്പർ/വൗച്ചർ നം/തീയതി
1	166	ഞങ്ങളും കൃഷിയിലേയ്ക്ക്-പച്ചക്കറി തൈ വിതരണം	400000	തൈ ഒന്നിന് ₹2.50 പ്രകാരം 10 ഇനം പച്ചക്കറികളുടെ 160000 തൈകൾ	400000	22101052008200869631 / 02.12.2022
2	167	കശുമാവ് കൃഷി വികസനം	50000	തൈ ഒന്നിന് ₹125/- നിരക്കിൽ 400 തൈകൾ	50000	1214019/20.02.23 ₹50000/-
3	168	ഞങ്ങളും കൃഷിയിലേയ്ക്ക്-ഫലവൃക്ഷ തൈ വിതരണം	172000	റമ്പൂട്ടാൻ ₹250/- നിരക്കിൽ 172 അവക്കാഡോ ₹250/- നിരക്കിൽ 172 പ്ലാവ് ₹200/- നിരക്കിൽ 172 മാവ് ₹200/- നിരക്കിൽ 172 ഡ്രാഗൺ ഫ്രൂട്ട് ₹100/- നിരക്കിൽ 172	172000	1233551/23.02.23 ₹129000/- 22201310/23.02.23(ഉ.വി) ₹43000/-

4	169	ജാതി തൈ വിതരണം	800000	തൈ ഒന്നിന് ₹500/- നിരക്കിൽ 1600 തൈകൾ	800000	1125102/17.01.23 ₹300000/- 1214015/0.02.23 ₹300000/- 22201346/ 20.02.23(ഗു.വി) ₹100000/- 22201309/ 20.02.23(ഗു.വി) ₹100000/-
5	170	കവുങ്ങ് കൃഷി വികസനം	110466	തൈ ഒന്നിന് ₹11/- പ്രകാരം 1500 തൈകൾ	110466/-	1233528/ 23.02.23/ ₹82849/- 22201313/23.02.23/(ഗു.വി) ₹27617/-
6	175	കൊക്കോ തൈ വിതരണം	16500	തൈ ഒന്നിന് ₹11/- പ്രകാരം 1500 തൈകൾ	16500/	1234004/23.02.23/ ₹12416/- 22201317/24.02.23/(ഗു.വി) ₹4084/-
					1548966	

മേൽ ഉത്തരവ് ഖണ്ഡിക 3 പ്രകാരം ഗുണനിലവാരവും മത്സരാധിഷ്ഠിത വിലയും ഉറപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന രേഖയോ വിശദീകരണമോ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11.തീയതി-06.12.23) ന് മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ് എന്ന വ്യവസ്ഥയോടെയാണ് നേരിട്ടുള്ള വാങ്ങലിന് അനുമതി നല്കിയിട്ടുള്ളത് എന്നിരിക്കെ അപ്രകാരം ചെയ്യാതെ നേരിട്ട് വാങ്ങൽ നടത്തിയിരിക്കുന്നത് ക്രമവിരുദ്ധമാണ് എന്നുള്ള വസ്തുത പരിഗണിച്ച് ആകെ ₹1548966/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 മുറ്റത്തൊരു മീൻതോട്ടം വെഞ്ചുറി പമ്പ് സ്ഥാപിച്ചില്ല

പദ്ധതി - 188/23 – മുറ്റത്തൊരു മീൻതോട്ടം

അടങ്കൽ - 500000 (200000 – വികസനഫണ്ട്- പൊതുവിഭാഗം, സാധാരണ വിഹിതം, 300000 ഗുണഭോക്തൃ വിഹിതം)

ചെലവ് - 49929/- (ബിൽ നം. 22101052014101492804 തീയതി 25.03.2023)

മത്സ്യകൃഷി വ്യാപിപ്പിക്കുക വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു യൂണിറ്റിന് ₹20000 (വികസന ഫണ്ട് 8000/-, ഗുണഭോക്തൃ വിഹിതം 12000/-) നിരക്കിൽ 25 യൂണിറ്റിന് ₹500000/- വകയിരുത്തി തയ്യാറാക്കിയ പദ്ധതിയാണിത്.

2022-23 വർഷം ഈ പദ്ധതിയിലുൾപ്പെട്ട 9 ഗുണഭോക്താക്കൾക്ക് സ.ഉ(കൈ)നം.15/2022/ത.സ്വ.ഭ.വ തീയതി 28.05.2022 സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് ₹49929/- സബ്സിഡിയായി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലുൾപ്പെട്ട ശ്രീ.അരുൺ തോമസ്, മൈലാടിയിൽ എന്ന ഗുണഭോക്താവ് ഒഴികെയുള്ള 8 ഗുണഭോക്താക്കളും മത്സ്യകൃഷിക്കാവശ്യമായതും പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതുമായ വെഞ്ചുറി പമ്പ് വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. മത്സ്യ കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കും മത്സ്യകുളത്തിലെ മർദ്ദ വ്യതിയാനം ക്രമീകരിക്കുന്നതിനും ആവശ്യമായ വെഞ്ചുറി പമ്പ് വാങ്ങി

സ്ഥാപിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10 തീയതി 6.12.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വെഞ്ചുറി പമ്പിന്റെ അഭാവം പദ്ധതിയുടെ വിജയസാധ്യതയെ ബാധിക്കാനിടയുള്ളതിനാൽ പദ്ധതി ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പിക്കാനായിട്ടില്ല. പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതാണ്.

1-19 മുന്നൊരുക്കങ്ങൾ നടത്താതെ വാങ്ങൽ നടത്തിയതുമൂലം ബെയ് ലിംഗ് മെഷിൻ പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്
പ്രോജക്ട് നം	208/23
പദ്ധതി അടങ്കൽ	₹487001/-(വി.ഫ.ജനറൽ)
പദ്ധതി ചെലവ്	ബിൽ നം.2210105201290120260З/16.2.23;₹487001/-

ഗ്രാമ പഞ്ചായത്തിന്റെ എം.സി.എഫി. ലേക്ക് ജെം പോർട്ടൽ വഴി കെ.പി.എസ് ഇന്നോവേഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ₹487001/- മുതൽമുടക്കി ഹൈഡ്രോളിക് ബെയ്‌ലിംഗ് മെഷിൻ വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെയും സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല. മെഷിന്റെ പ്രവർത്തനത്തിനാവശ്യമായ ത്രീ ഫേസ് വൈദ്യുതി കണക്ഷനുവേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്താതെ വാങ്ങൽ നടത്തിയത് മൂലമാണ് ബെയ്‌ലിംഗ് മെഷിൻ എം.സി.എഫി. ൽ സ്ഥാപിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുള്ളത്. ത്രീ ഫേസ് വൈദ്യുതി കണക്ഷൻ, മറ്റ് സജ്ജീകരണങ്ങൾ എന്നിവ ഒരുക്കി പദ്ധതി പ്രവർത്തനസജ്ജമാക്കേണ്ടതാണ്. ₹487001/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 വാതിൽപ്പടി സേവനം-മുൻകൂറായി പിൻവലിച്ച തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്
പ്രോജക്ട് നം.	134/23
പദ്ധതി അടങ്കൽ	₹100000/- (വികസനഫണ്ട് ജനറൽ)
പദ്ധതി ചെലവ്	ബിൽ നം.221010520129009198109/16.12.22; ₹100000/-

വാതിൽപ്പടി സേവന പദ്ധതി നോഡൽ ഓഫീസറായ അസി.സെക്രട്ടറിയുടെ പേരിൽ ആരംഭിച്ചിട്ടുള്ള വെള്ളത്തൂവൽ എസ്.ബി.ഐ ശാഖയിലെ 40943266278 നമ്പർ അക്കൗണ്ടിലേക്ക് ₹100000/- ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ടെങ്കിലും പദ്ധതി തുക നാളിതുവരെയും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി തുക വിനിയോഗിക്കാൻ കഴിയാത്ത പക്ഷം എത്രയും വേഗം സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

1-21 അതി ദരിദ്രർക്കുള്ള സേവനം-പദ്ധതി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്
പ്രോജക്ട് നം	133/23
പദ്ധതി അടങ്കൽ	₹300000/- (വികസനഫണ്ട് ജനറൽ)
പദ്ധതി ചെലവ്	ബിൽ നം.22101052012900919869/ 16.12.22; ₹300000/-

അതി ദരിദ്രർക്കുള്ള സേവനം എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന ന്യൂനതകളുണ്ടായിട്ടുണ്ട്.

1. തുക മുൻകൂറായി പിൻവലിച്ചു

അതിദരിദ്രർക്ക് സേവനം ലഭ്യമാക്കുന്നതിലേക്കായി ₹300000/- ട്രഷറിയിൽ നിന്നും മുൻകൂറായി പിൻവലിച്ച്

അസി.സെക്രട്ടറിയുടെ പേരിലുള്ള 40943266278 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും തൻ വർഷം ₹165521/- മാത്രമെ വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ചെലവിനനുസൃതമായി തുക പിൻവലിക്കുന്നതിനു പകരം പദ്ധതി തുക പൂർണ്ണമായും മുൻകൂറായി പിൻവലിച്ചിട്ടുള്ളത് ചട്ടവിരുദ്ധമാണ്.

2. പദ്ധതി തുകയിൽ നിന്നും മിനിമം ബാലൻസ് ഇല്ലാത്തതിനാൽ ബാങ്ക് ചാർജ്ജ് ഈടാക്കി

അസി.സെക്രട്ടറിയുടെ പേരിലുള്ള 40943266278 നമ്പർ അക്കൗണ്ടിൽ മിനിമം ബാലൻസ് ഇല്ലാത്ത സാഹചര്യത്തിലാണ് ഗ്രാമ പഞ്ചായത്ത് ₹300000/- പിൻവലിച്ച് പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ മിനിമം ബാലൻസ് നിലനിർത്താതിനാൽ പദ്ധതി തുകയിൽ നിന്നും ബാങ്ക് ചാർജ്ജിനത്തിൽ 19.12.2022ൽ ₹3540/- കിഴിവ് ചെയ്തിട്ടുണ്ട്.

മിനിമം ബാലൻസ് ഇല്ലാത്തതിന്റെ പേരിൽ പദ്ധതി തുകയിൽ നിന്നും ബാങ്ക് ചാർജ്ജിനത്തിൽ കിഴിവ് ചെയ്തിട്ടുള്ള ₹3540/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-22 ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ഹാൾ അറ്റകുറ്റ പണി-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്
പ്രോജക്ട് നം	232/23
പദ്ധതി അടങ്കൽ	₹3500000/- (വികസനഫണ്ട് ജനറൽ)
പദ്ധതി ചെലവ്	ബിൽ നം.22101052012901521423/ 28.3.23; ₹590288/- 22101052012901521364/ 28.3.23; ₹615833/- 22101052012901401949/ 18.3.23; ₹911132/- 22101052012901527372/ 28.3.23; ₹779282/-

പഞ്ചായത്ത് കമ്മിറ്റി ഹാളിലേക്കാവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനും കമ്മിറ്റി ഹാൾ ഫർണീഷിംഗ് നടത്തുന്നതിനുമായ ചുമതല അക്രഡിറ്റഡ് ഏജൻസിയായ 'ആർട്കോ' യെ ടെണ്ടർ നടപടികൾ കൂടാതെ 13.12.2022 ലെ നമ്പർ 10 പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം നേരിട്ട് ഏൽപ്പിക്കുകയായിരുന്നു. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകളുണ്ടായിട്ടുണ്ട്.

1. 'ആർട്കോ' നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളിന്മേൽ ചെക്ക്മെഷർമെന്റ് നടത്തിയിട്ടില്ല

ആർടിസാൻസ് ഡെവലപ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് കേരള (ആർട്കോ) നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ വിട്രിഫൈഡ് ഫ്ലോർ ടൈലിംഗ്, കോൺഫറൻസ് ഹാൾ പാനലിംഗ്, സീലിംഗ്, ബാത്ത്റൂം അറ്റകുറ്റ പണികൾ മുതലായ പൊതുമരാമത്ത് പ്രവൃത്തികൾ ഉൾപ്പെടുന്നുണ്ടെങ്കിലും നിർവ്വഹണ ഏജൻസി ലഭ്യമാക്കിയ അളവിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. എൽ.എസ്.ജി.ഡി വിഭാഗം അസി.എഞ്ചിനീയറുടെ സേവനം ഉപയോഗപ്പെടുത്തി ചെക്ക് മെഷർമെന്റ് നടത്തി ചെയ്ത പ്രവൃത്തി അളവുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല.

2. പാനലിംഗ് പ്രവൃത്തിയുടെ വിജയ സാധ്യത ഉറപ്പുവരുത്തിയില്ല

കമ്മിറ്റി ഹാളിന്റെ ഭിത്തികൾ പ്രോസസ് ചെയ്തെടുത്തിട്ടുള്ള റബ്ബർ തടി ഉപയോഗിച്ചാണ് പാനലിംഗ് നടത്തിയിട്ടുള്ളത്. മൺതിട്ടയോടു ചേർന്നുള്ള കമ്മിറ്റി ഹാളിന്റെ ഒരു വശം എപ്പോഴും ഈർപ്പം കെട്ടി നിൽക്കുന്ന അവസ്ഥയിലാണ്. ഈർപ്പത്തിന്റെ സാന്നിധ്യത്തിൽ പാനലിംഗ് വേഗം ദ്രവിച്ച് പോകാനുള്ള സാധ്യതയുണ്ടായിട്ടും ആയത് പരിഗണിക്കാതെയാണ് പാനലിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. പാനലിംഗ് പ്രവൃത്തികളും എ.സി.പി. വർക്കുകളും പല സ്ഥലത്തും പൊളിഞ്ഞുപോയ അവസ്ഥയിലാണ്. മാത്രമല്ല പാനലിംഗ് പ്രവൃത്തികൾ ദ്രവിക്കാൻ തുടങ്ങിയിട്ടുള്ളതായി സ്ഥല പരിശോധനയിൽ നിന്നും

ബോധ്യമായിട്ടുണ്ട്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/7.12.23) ആർട്കോ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ മൂല്യ നിർണ്ണയത്തിനായി അസി.എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറ്റകുറ്റ പണിയിലെ അപാകത പരിഹരിക്കുന്നതിന് 'ആർട്കോ' യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 'ആർട്കോ' നടപ്പിലാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ മൂല്യ നിർണ്ണയം നടത്തി അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കമ്മിറ്റി ഹാളിന്റെ മേൽക്കൂര എത്രയും വേഗം ട്രസ്സ് വർക്ക് നടത്തി ഭിത്തികളിൽ ഈർപ്പം നിലനിൽക്കാനുള്ള സാധ്യത ഒഴിവാക്കേണ്ടതും പാനലിംഗ് പ്രവൃത്തികൾക്ക് കേടുപാടുകൾ സംഭവിക്കാതെ സംരക്ഷിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-23 റോഡ് കണക്ടിവിറ്റി മാപ്പിംഗ്-പദ്ധതി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനിയർ
പ്രോജക്ട് നം.	88/23
പദ്ധതി അടങ്കൽ	₹100000/-
പദ്ധതി ചെലവ്	ചെക്ക് നം. 184774/ 28.3.23; ₹51000/-

റോഡ് കണക്ടിവിറ്റി മാപ്പിംഗ് പ്രവർത്തികൾക്കായി വാർഡ് ഒന്നിന് ₹3000/-നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. എബിൻ ജോസിനെ പ്രവൃത്തി നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ചെക്ക് നം. 184774/ 28.3.23 പ്രകാരം ₹51000/-ടിയാന് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/7.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹51000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 യമുന കുടിവെള്ള പദ്ധതി- എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഇനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാതെ അന്തിമ ബിൽ നൽകി കരാർ പ്രവൃത്തി അവസാനിപ്പിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനിയർ
പ്രോജക്ട് നം	147/22 & 72/23
പദ്ധതി അടങ്കൽ	₹151058/-(വികസന ഫണ്ട്- സ്പെഷ്യൽ ഗ്രാന്റ്)
കരാറുകാരൻ	ബേബി എം.യു.
പദ്ധതി ചെലവ്	വൗച്ചർ നം.XVFC/2021-22/p/49/31.3.22; ₹50552/- XVFC/2022-23/P/137/31.3.23; ₹12413/-

ജല സ്രോതസ്സായ കുളം, പമ്പിംഗ് ലൈനുകൾ എന്നിവ നിലവിലുള്ള പദ്ധതിക്ക് പമ്പിംഗ് റൂം നിർമ്മാണത്തിനും 7.5 HP മൾട്ടി സ്റ്റേജ് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുമായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പമ്പിംഗ് റൂം നിർമ്മാണം മാത്രമാണ് കരാറുകാരൻ നടപ്പിലാക്കിയിട്ടുള്ളതെങ്കിലും അന്തിമ ബിൽ തയ്യാറാക്കി കരാറുകാരന് ₹62965/- അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തി നടപ്പാക്കിയിട്ടില്ല. കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷനും ലഭ്യമായിട്ടില്ല. കുടിവെള്ള പദ്ധതി ലക്ഷ്യ പ്രാപ്തിയിലെത്തിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് (നം.9/06.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ₹62965/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 'ടേക്ക് എ ബ്രേക്ക്' -ഒന്നര വർഷം കഴിഞ്ഞിട്ടും 50% നിർമ്മാണ പ്രവർത്തനങ്ങൾ പോലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനിയർ
പ്രോജക്ട് നം.	120/22 & 60/23
പദ്ധതി അടങ്കൽ	₹1270000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-₹500000/-; ശുചിത്വ മിഷൻ ഫണ്ട് ₹770000/-)
അളവു ബുക്ക്	236/21-22 & 837/21-22
പദ്ധതി ചെലവ്	വൗച്ചർ നം. 30.3.23;₹423386/-

'ടേക്ക് എ ബ്രേക്ക്' പദ്ധതിയിലുൾപ്പെടുത്തി ചെങ്കുളം ഡാമിനു സമീപം പാതയോര ശൗചാലയം നിർമ്മിക്കുന്നതിനായി ദേവികുളം താലൂക്കിൽ കുഞ്ചിത്തണ്ണി വില്ലേജിൽ റീസർവ്വേ 229 ൽ ഉൾപ്പെട്ട 3 സെന്റ് റവന്യൂ ഭൂമി വിട്ടുകിട്ടുന്നതിനു വേണ്ടി ഗ്രാമ പഞ്ചായത്ത് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിരുന്നു. ജില്ലാ കളക്ടറുടെ 16.3.22 ലെ DCIDK/4272/2021-C9 നമ്പർ ഉത്തരവു പ്രകാരം പ്രസ്തുത സ്ഥലത്തിന്മേലുള്ള ഉപയോഗാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ അനുമതിയെ തുടർന്ന് ഗ്രാമ പഞ്ചായത്ത് 'ടേക്ക് എ ബ്രേക്ക്' പദ്ധതി നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പദ്ധതി നിർവ്വഹണത്തിനായി ₹12,70,000/- വകയിരുത്തുകയും ചെയ്തു. 30.06.2022ലെ 4/1 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം വിമലസിറ്റി ലേബർകോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിച്ചിരുന്നത്. കരാർ തീയതിയായ 18.07.2022 മുതൽ 6 മാസമായിരുന്നു പദ്ധതി പൂർത്തീകരണ കാലാവധി. എന്നാൽ കരാർ തീയതി മുതൽ ഒന്നര വർഷം കഴിഞ്ഞിട്ടും പദ്ധതിയുടെ 50% നിർമ്മാണ പ്രവൃത്തികൾ പോലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 30.3.23 ൽ പാർട്ട് ബിൽ പ്രകാരം ₹423386/- കരാറുകാരന് നൽകിയിട്ടുണ്ടെങ്കിലും പാർട്ട് ബിൽ കൈപ്പറ്റിയതിനുശേഷം തുടർ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ലെന്ന് അളവു ബുക്ക് പരിശോധിച്ചതിൽ നിന്നും ബോധ്യമായിട്ടുണ്ട്. പദ്ധതി യഥാസമയം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/06.12.23) ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നതിനാലും അപകടത്തെ തുടർന്ന് അസി.എഞ്ചിനിയർ അവധിയിലായിരുന്നതിനാലുമാണ് പദ്ധതി നിർവ്വഹണത്തിന് കാലതാമസം നേരിട്ടതെന്നും പദ്ധതി നിലവിൽ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ പാർട്ട് ബിൽ കൈപ്പറ്റിയതിനു ശേഷം കരാറുകാരൻ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളൊന്നും അളവു ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ടേക്ക് എ ബ്രേക്ക് പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 പണ്ടാരപ്പടി കുടിവെള്ള പദ്ധതി-പദ്ധതി പൂർത്തീകരണം സാധ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ
പ്രോജക്ട് നം	3/23
പദ്ധതി അടങ്കൽ	₹594100/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
കരാറുകാരൻ	ശ്രീ സജി എം. എസ്.
പദ്ധതി ചെലവ്	വൗച്ചർ നം. 22201592/ 30.3.23; ₹77074/-

കുളം വൃത്തിയാക്കൽ,പ്ലാസ്റ്ററിംഗ്, പൈപ്പ് ലൈൻ നവീകരണം, പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവയായിരുന്നു

പ്രധാന പ്രവൃത്തി ഇനങ്ങൾ. 10.10.2022 ൽ കരാർ ഒപ്പുവച്ച് ഏറ്റെടുത്ത (₹503395/-) പദ്ധതിയിൽ കുളം വൃത്തിയാക്കൽ, പ്ലാസ്റ്ററിംഗ് എന്നീ പ്രവൃത്തികൾ മാത്രമാണ് നാളിതുവരെയും പൂർത്തീകരിച്ചിട്ടുള്ളത്. കുടിവെള്ള പദ്ധതി എത്രയും വേഗം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

1-27 വെള്ളത്തൂവൽ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- 4 വർഷം കഴിഞ്ഞിട്ടും പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്ത് ഓഫീസിനു സമീപത്തായി ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിരുന്നു. 31.08.2019 ലെ 4(1) നം. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് കോട്ടയത്തുള്ള ആൻസൻസ് ഗ്രൂപ്പ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ആൻസൻസ് ഗ്രൂപ്പ് എന്ന സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് 20.09.2019 ൽ കരാറിലേർപ്പെടുകയും ചെയ്തിരുന്നു. കരാറിലേർപ്പെട്ട് മൂന്നര വർഷത്തിനുശേഷമാണ് പദ്ധതി രൂപരേഖ, സ്ട്രക്ചറൽ ഡിസൈൻ എന്നിവ പൂർത്തിയാക്കി ഗ്രാമപഞ്ചായത്തിനു കൈമാറിയിട്ടുള്ളത്. എസ്റ്റിമേറ്റ് തുകയുടെ 2.33% ആണ് കരാർ വ്യവസ്ഥ പ്രകാരം ആൻസൻസ് ഗ്രൂപ്പിന് നൽകേണ്ടത്. എസ്റ്റിമേറ്റ് തുകയായ ₹34707447/- യുടെ 2.33% ആയ ₹808683/-യും 18% ജി.എസ്.ടി യുമുൾപ്പെടെ ₹954246/-യാണ് ഫീസിനത്തിൽ കരാർ ഏജൻസിക്ക് നൽകേണ്ട തുക. പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാകാത്തതിനാൽ ₹808683 - *യുടെ 85% ആയ* ₹687381/-യും ജി.എസ്.ടി. യുമുൾപ്പെടെ ₹8,11,110/-ആൻസൻസ് ഗ്രൂപ്പിനു നൽകിയിട്ടുണ്ട്. പദ്ധതിക്ക് നാളിതുവരെയും സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. കരാറിലേർപ്പെട്ട് നാലു വർഷം കഴിഞ്ഞിട്ടും ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.പദ്ധതി അനന്തമായി നീളുന്നത് ഗ്രാമ പഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യതയ്ക്ക് കാരണമായി തീർന്നിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 സപ്ലൈ ഓർഡർ നൽകിയ മെഡിക്കൽ ഉപകരണം നാളിതുവരെ പി.എച്ച്.സി.യിൽ ലഭ്യമായിട്ടില്ല

മൾട്ടിപാരാമീറ്റർ മോണിറ്റർ എന്ന ഉപകരണം വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫിസർ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് 24-03-2023 ൽ ₹61454/-മുൻകൂറായി നൽകിയിരുന്നു. പ്രസ്തുത ഉപകരണം സപ്ലൈ ചെയ്യുന്നതിനായി റണ്ണിംഗ് കോൺട്രാക്ട് വഴി യൂണിവേഴ്സൽ ഏജൻസീസ് എന്ന സ്ഥാപനത്തെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ചുമതലപ്പെടുത്തുകയും 28.03.2023 ൽ തുക ടി സ്ഥാപനത്തിന് കൈമാറുകയും ചെയ്തു. എന്നാൽ നാളിതുവരെ വിതരണ ഏജൻസി പ്രസ്തുത ഉപകരണം പി.എച്ച്.സി.യിൽ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര്	നിർവഹണ ഏജൻസി	മുൻകൂറായി കൈമാറിയ തുക	കൈമാറ്റ വിശദാംശങ്ങൾ	ക്രമീകരിക്കാൻ ശേഷിക്കുന്ന തുക
മെഡിക്കൽ ഓഫീസർ സി.എച്ച്.സി. 272/23 പി.എച്ച്.സി.ക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങൽ	കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ	61454	BRN 22101052008501455020 തീ. 24-03-2023	61454

മൾട്ടി പാരാമീറ്റർ ലഭ്യമാകാത്ത സാഹചര്യത്തിൽ ₹61454/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണം എത്രയും വേഗം പി.എച്ച്.സി. യിൽ ലഭിക്കുന്നതിനുവേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 വനിതകൾക്ക് യോഗ പരിശീലനം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നം. / പേര്	273/23 വനിതകൾക്ക് യോഗ പരിശീലനം
അടങ്കൽ	75000 (വികസനഫണ്ട് പൊതുവിഭാഗം)

ചെലവ്	48555 (വികസനഫണ്ട് പൊതുവിഭാഗം) BRN No. 2210105201200149937 8/27.03.2023 ₹21800/- 2210105201200149953 6/27.03.2023 ₹16230/- 2210105201200152951 5/28.03.2023 ₹10525/-

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വനിതകൾക്ക് യോഗാ പരിശീലനം പദ്ധതി പ്രകാരം യോഗാ പരിശീലകനായ ശ്രീ. സുരേഷ് കെ.കെ, കഴവാനിക്കുന്നേൽ, കൊച്ചറ പി ഒ എന്ന വ്യക്തിയ്ക്ക് ₹48555 നൽകിയിട്ടുണ്ട്. യോഗാ പരിശീലനം പദ്ധതിയ്ക്കായി സൂക്ഷിച്ചിരിക്കുന്ന ഹാജർ പുസ്തകം അനുസരിച്ച് ഫെബ്രുവരി മാസത്തിൽ 9 ദിവസവും മാർച്ച് മാസത്തിൽ 11 ദിവസവും ഉൾപ്പെടെ ആകെ 20 ദിവസം 318 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

സർട്ടിഫിക്കറ്റ്, നോട്സ് എന്നിവയുടെ പ്രിന്റിംഗ് ചാർജ് ഇനത്തിൽ ₹21800/-, 130 സെഷൻ യോഗ ക്ലാസ്സിന് ₹52000/- എന്നിങ്ങനെയാണ് വൌച്ചർ ലഭ്യമാക്കിയിരിക്കുന്നത്. (₹52000/-ൽ ₹26755/- 2022-23 ൽ നൽകി. അവശേഷിക്കുന്ന ₹25245/- 2023-24 ൽ നൽകി) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 സബ്സിഡി മാർഗ്ഗരേഖപ്രകാരം യോഗാ പരിശീലനത്തിന് ഒരു സെഷന് ₹400/- ക്രമത്തിൽ ഒരു മാസം പരമാവധി ₹12000/- പരിശീലകന് നൽകാവുന്നതാണെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മാത്രമാണ് പരിശീലനം നൽകിയത്. പരമാവധി തുകയായ ₹24000/- ൽ (12000x2) ചെലവ് പരിമിതപ്പെടുത്തിയിട്ടില്ല.

2. യോഗാ പരിശീലനം നൽകുന്നതിന്റെ ഫീസ് ഇനത്തിൽ പരിശീലകന് തുക നൽകുന്നതിനാണ് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നത്. സർട്ടിഫിക്കറ്റ്, നോട്സ് എന്നിവയുടെ പ്രിന്റിംഗ് ചാർജ് ഇനത്തിൽ ₹21800/- നൽകിയിരിക്കുന്നു.

3. 130 സെഷൻ യോഗ ക്ലാസ്സ് നടത്തിയതായി പരിശീലകൻ വൌച്ചർ ലഭ്യമാക്കിയിട്ടുണ്ട്. ഹാജർ പുസ്തകത്തിലോ, ഫയലിലോ ഇത്തരത്തിൽ സെഷൻ കണക്കാക്കിയത് വ്യക്തമാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 07.12.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-30 അംഗൻവാടി പോഷകാഹാരം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നം./പേര്	93/23 അംഗൻവാടി പോഷകഹാരം
അടങ്കൽ	3700000(വികസനഫണ്ട് പൊതുവിഭാഗം) 1500000(കേന്ദ്രാവിഷ്കൃതഫണ്ട്) 300000(ബ്ലോക്ക് വിഹിതം)
ചെലവ്	3699996(വികസനഫണ്ട് പൊതുവിഭാഗം) 660023(കേന്ദ്രാവിഷ്കൃതഫണ്ട്)

1.സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്ന് ടി ഡി എസ് ഈടാക്കിയില്ല

2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം

(ആകെ 2%) തുക കുറവു ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിൽ സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി ഡി എസ് ഇനത്തിൽ തുക കുറവു ചെയ്തിട്ടില്ല.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി പോഷകാഹാരം പദ്ധതി പ്രകാരം 14609.5 കി.ഗ്രാം ന്യൂട്രിമിക്സ് വിതരണം നടത്തിയ ഇനത്തിൽ കി.ഗ്രാമിന് ₹73.50 വിലയിൽ ഓജസ് അമൃതം ന്യൂട്രീമിക്സ് യൂണിറ്റിന് ₹1073798.25 നൽകിയിട്ടുണ്ട്. ഈ സ്ഥാപനത്തിൽ നിന്ന് ടി ഡി എസ് ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 22/07.12.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-31 ഓഡിറ്റ് ഇംപാക്ട്-ലൈഫ് ഭവനപദ്ധതി എസ് സി- അധികം അനുവദിച്ച തുക തിരികെ അടവാക്കി

പ്രോജക്ട് നം./ പേര്	162/23 ലൈഫ് ഭവനപദ്ധതി എസ് സി	27/23 ലൈഫ് ഭവനപദ്ധതി വിഹിതം (എസ് സി) (SO)
അടങ്കൽ	₹1038200 (വികസനഫണ്ട് എസ് സി പി) ₹1000000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹200000 (ജില്ലാപഞ്ചായത്ത് വിഹിതം) ₹1760000 (മറ്റുള്ളവ-ലോൺ വിഹിതം)	₹1000000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹200000(ജില്ലാപഞ്ചായത്ത് വിഹിതം) ₹1518200(മറ്റുള്ളവ-ലോൺ വിഹിതം)
ചെലവ്	₹1038200 (വികസനഫണ്ട് എസ് സി പി) ₹610000 (മറ്റുള്ളവ-ലോൺ വിഹിതം)	₹630000 (മറ്റുള്ളവ-ലോൺ വിഹിതം)

വി.ഇ.ഒ നിർവ്വഹണം നടത്തിയ 'പ്രോജക്ട് നം.162/23-ലൈഫ് ഭവനപദ്ധതി എസ് സി' പ്രകാരം പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ബില്ലുകൾ, അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് ശ്രീമതി വിജയകുമാരി, പി പി സി കോളനി, പള്ളിവാസൽ എസ്റ്റേറ്റ് എന്ന ഗുണഭോക്താവിന് നിശ്ചിതപരിധിയിൽ കൂടുതലായി ആനുകൂല്യം നൽകിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു.

2022-23 സാമ്പത്തികവർഷത്തിൽ ഈ ഗുണഭോക്താവിന് ₹358200/- ആനുകൂല്യം നൽകിയിരുന്നു. 2023-24 വർഷം ₹50000/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. ആകെ ₹408200/- ആനുകൂല്യമായി നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നം./ചെക്ക് നം./തീയതി/തുക	ഗുണഭോക്താവിന് നൽകിയ തുക
134122/28.06.2022 ₹280000	40000
22101052008100737966/05.11.2022 ₹180000	160000
22101052008100949445/23.12.2022 ₹158200	108200
385823/25.01.2023 ₹50000	50000
23101052008100417302/08/08/2023 ₹50000	50000
ആകെ	408200

അധികം നൽകിയത്	8200

പദ്ധതി പ്രകാരം അധികമായി ആനുകൂല്യം അനുവദിച്ചത് ഓഡിറ്റ് അന്വേഷണക്കുറിപ്പിൽ (നം.7/06.12.2023) ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ അധികമായി കൈപ്പറ്റിയ ₹8200/- 07.12.2023 ലെ 1230102883 നമ്പർ രസീത് പ്രകാരം ഗുണഭോക്താവ് തിരികെ അടവാക്കിയിട്ടുണ്ട്. ഗുണഭോക്താവ് തിരികെ അടച്ച ₹8200/- ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

1-32 ഭവനപുനരുദ്ധാരണത്തിനായുള്ള പദ്ധതികൾ- രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

പ്രോജക്റ്റ് നം./പേര്	അടങ്കൽ	ചെലവ്
185/23 വീട് മെയിന്റനൻസ് എസ് റ്റി	162518 (വികസനഫണ്ട് ടി എസ് പി) 37482 (തനതുഫണ്ട്)	139699 (വികസനഫണ്ട് ടി എസ് പി) 10301 (തനതുഫണ്ട്)
186/23 വീട് മെയിന്റനൻസ് (എസ് സി)	1000000 (വികസനഫണ്ട് എസ് സി പി)	749696 (വികസനഫണ്ട് എസ് സി പി)
248/23 അതിദരിദ്രർക്കുള്ള വീട് മെയിന്റനൻസ്	400000 (വികസനഫണ്ട് ജനറൽ)	400000 (വികസനഫണ്ട് ജനറൽ)
29/23 വീട് വാസയോഗ്യമാക്കൽ (എസ് സി) (SO)	400000 (തനതുഫണ്ട്)	100000 (തനതുഫണ്ട്)

വി. ഇ. ഒ. നിർവ്വഹണം നടത്തിയ മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ.(കൈ) നം.115/2022/തസ്വഭവ തീയതി 28.05.2022 സബ്സിഡി മാർഗ്ഗരേഖ (6.7.4) പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതികൾക്ക് അർഹരായ ഗുണഭോക്താക്കൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ പദ്ധതികളുടെ ഫയലുകളിൽ ഇപ്രകാരമുള്ള എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടില്ല. ഓവർസിയർ നൽകിയിട്ടുള്ള മൂല്യനിർണ്ണയസാക്ഷ്യപത്രത്തിലും ചെയ്ത പ്രവൃത്തികൾ സംബന്ധിച്ച ഇനം തിരിച്ചുള്ള രേഖപ്പെടുത്തൽ ഇല്ല. ചെയ്ത പ്രവൃത്തിയുടെ ആകെമൂല്യം മാത്രമാണ് മൂല്യനിർണ്ണയസാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മാർഗ്ഗരേഖയിലെ നിർദ്ദേശം അനുസരിച്ചുള്ള രേഖകൾ ഫയലിൽ സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/ 07.12.2023) ഭവനപുനരുദ്ധാരണം പദ്ധതികളുടെ നിർവ്വഹണവേളയിൽ ഓവർസിയർ വീടുകൾ സന്ദർശിച്ച് നടത്തേണ്ട പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച് നിർദ്ദേശം നൽകിയിരുന്നതായും ആയതുപ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു എന്നത് ഉറപ്പാക്കിയതിനുശേഷമാണ് ഓവർസിയർ മൂല്യനിർണ്ണയസാക്ഷ്യപത്രം ലഭ്യമാക്കിയതെന്നും രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

മാർഗ്ഗരേഖയിലെ നിർദ്ദേശം അനുസരിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-33 കാലിത്തീറ്റ സബ്സിഡി രേഖകളിൽ അപര്യാപ്തത

പ്രോജക്റ്റ് നം.204/23

നിർവഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

അടങ്കൽ/ചെലവ് -₹598000(വി.ഫ പൊതുവിഭാഗം) ₹598000(ഗുണഭോക്തൃവിഹിതം)

50 കിലോ പായ്ക്കറ്റ് ഒന്നിന് ₹1495/- നിരക്കിൽ ആകെ 800 പായ്ക്കറ്റ് (40000 കി ഗ്രാം) കാലിത്തീറ്റ കേരള ഫീഡ്സിൽ നിന്നും

വാങ്ങി ക്ഷീരകർഷകർക്ക് വിതരണം ചെയ്തിരിക്കുന്നു. കർഷകർ വിവിധ അളവിൽ കാലിത്തീറ്റ കൈപ്പറ്റിയതായി രേഖ സൂക്ഷിച്ചിട്ടുണ്ട്. രേഖകളിലെ അപര്യാപ്തത ചുവടെ കൊടുക്കുന്നു.

1) ഗുണഭോക്താക്കൾ പശുവിനെയോ കിടാരിയേയോ വളർത്തുന്നതായും അനുവദിക്കുന്ന കാലിത്തീറ്റയുടെ അളവ് രേഖപ്പെടുത്തിയും നിർവഹണ ഉദ്യോഗസ്ഥനോ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറോ അപേക്ഷകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) പല അപേക്ഷകളിലും താൻ പശുവിനെ വളർത്തുന്നതായി അപേക്ഷകർ അവകാശപ്പെട്ടിട്ടില്ല.

ഉദാ. അപേക്ഷ ക്രമ നം. 5, 7, 8, 9, 10, 11, 12, 13, 14, 16, 17, 18, 40, 45.

3) ക്രമനം. 21,22 പേരുകാർ അപേക്ഷ സമർപ്പിച്ചിട്ടില്ല.

4) ക്രമ നം. 41 അപേക്ഷകൻ ശ്രീ ചാക്കോച്ചൻ അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം ആടിനെയും കോഴിയെയുമാണ് വളർത്തുന്നത്. അദ്ദേഹത്തിനും കാലിത്തീറ്റ അനുവദിച്ചിരിക്കുന്നു.

ഭാവിയിൽ ഇത്തരം ആനുകൂല്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകളും രേഖകളും പരിശോധിച്ച് മാത്രം നടപടി സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-34 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി പൂർത്തിയായില്ല.

പ്രോജക്റ്റ് നം. 95/23

നി.ഉ- അസി സെക്രട്ടറി

അടങ്കൽ-₹1000000/-(എസ് സി എസ് പി പ്ലാൻ-₹828600/- തനത് ഫണ്ട്-₹171400/-)

ചെലവ് -₹775000/-(എസ് സി എസ് പി പ്ലാൻ-₹700000/- തനത് ഫണ്ട്-₹75000/-)

ഈ പ്രോജക്റ്റ് പ്രകാരം താഴെ കൊടുത്തിട്ടുള്ള കുട്ടികൾക്കായി ആകെ ₹775000/- നല്കിയിട്ടുണ്ട്.

ക്രമ നം.	പേര്	നല്കിയ ഗഡുക്കളുടെ എണ്ണം	നല്കിയ തുക
1	സോമിന എം	2	125000
2	മീന അജി	3	200000
3	ബീന ആർ	3	125000
4	സുമിമോൾ എം	3	200000
5	ശ്യാംലാൽ പി ആർ	2	125000

2022-23 വർഷം തന്നെ പൂർത്തിയാകേണ്ട ഈ പ്രോജക്റ്റിൽ രണ്ട് ഗുണഭോക്താക്കൾ (ക്ര.നം- 2& 4) മാത്രമാണ് ഓഡിറ്റ് വർഷം തന്നെ പഠനമുറി നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടുള്ളത്. 3 ഗുണഭോക്താക്കൾ ഓഡിറ്റ് തീയതി വരെയും നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല. അവസാന ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളുടെ നിർമ്മാണം പൂർത്തിയായ മുറികൾക്ക് ഓവർസീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. രണ്ട് ലക്ഷമോ അതിനു മുകളിലുള്ളതോ ആയ നിർമ്മാണങ്ങളുടെ വിശദമായ മൂല്യ നിർണ്ണയം അസിസ്റ്റന്റ് എഞ്ചിനീയർ നടത്തേണ്ടതാണ് എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ക്രമ നംപർ 1,3,5 ഗുണഭോക്താക്കൾക്കുള്ള പദ്ധതി സഹായം ക്രമപ്രകാരം തീർപ്പാക്കുന്നതിനും ധനസഹായം പൂർണ്ണമായും കൈപ്പറ്റിയവരുടെ നിർമ്മാണം ശരിയായി മൂല്യനിർണ്ണയം നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾ

വിഹിതം നല്കിയ സ്ഥാപനം	പ്രോജക്റ്റിന്റെ പേര്	തുക ലഭിച്ച വർഷം	തൻവർഷം ലഭിച്ച തുക ₹	ചെലവ് ₹
ബ്ലോക്ക്പഞ്ചായത്ത്	ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ(138/23)	2022-23	200000	200000
ജില്ലാ പഞ്ചായത്ത്	ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ(138/23)	2022-23	200000	200000
ജില്ലാ പഞ്ചായത്ത്	പട്ടിക ജാതി വിഭാഗകാർക്ക് സ്ഥലം വാങ്ങൽ(31/23)	2022-23	225000	225000
ജില്ലാ പഞ്ചായത്ത്	സുവർണ്ണ ഭവന പദ്ധതി(274/23)	2022-23	300000	300000
ജില്ലാ പഞ്ചായത്ത്	ക്ഷീര കർഷകർക്ക് ഉത്പാദക ഇൻസെന്റീവ്(158/23)	2022-23	510000	510000

4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾ

ഇല്ല

4-3 മോബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	വായ്പ തുക ₹	തൻ വർഷ വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
					മുതൽ	പലിശ	
ഭവന വായ്പ (HUDCO)	ജി.ഒ.(എം.എസ്.) നം.110/2018 തീ.13.08.2018	33500000	0	36266000	3641902	0	32624098

4-5 സ്ഥിര നിക്ഷേപം

– ഇല്ല –

4-6 ഓഡിറ്റ് റിക്കവറി

-ഇല്ല-

4-7 സമാഹൃത ഓഡിറ്റ്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ഓഡിറ്റ് വർഷം	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1	പ്രവർത്തനാവലോകനം	2013-14	5-3 (ബി)	വ്യവസായ തൊഴിൽ സംരംഭങ്ങൾ	തുടരുന്നു

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി)	സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക ₹	അവശേഷിക്കുന്ന തുക/ ബാധ്യത ₹	റിമാർക്ക്സ്
				നമ്പരും തീയതിയും	തുക ₹				ഉൾപ്പെട്ട തുക ₹	ഈടാക്കിയ തുക ₹			
1	2	3	4	5	6	7	8	9	10	11	12	13	14
1	1997-98	31 32 34 35	ശ്രീ. എം. റ്റി. രാജു സെക്രട്ടറി	എൽ.എഫ്./ 22660/ സ്പെ.സെൽ. /എസ്.സി./ 2/2001/ 23.10.02	13327		ഇല്ല					13327	
2	1999-00	24, 26 (1-7), 27,28	ശ്രീ. ബി. നോബർട്ട് സെക്രട്ടറി	എൽ.എഫ്./ 15632/ സ്പെ.സെൽ. /എസ്.സി./ 2/2002/ 21.02.03	10647		ഇല്ല					10647	

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	₹26638488-
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹58107385-
ആകെ	₹84745873-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹58476502-

നീക്കിയിരിപ്പ്	₹26269371-
കുറിപ്പ്:- പഞ്ചായത്തിന്റെ 2022-23 ലെ റെസീപ്റ്റ് & പെയ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.	
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹ 2211386

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക ₹		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
- ഇല്ല -			

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	1548966	ശ്രീമതി പ്രിയ പീറ്റർ, കൃഷി ഓഫിസർ
1-19	487001	ശ്രീ ശ്രീധരൻ എ., സെക്രട്ടറി
1-23	51000	ശ്രീമതി സുജ എ.ഡി., അസി.എഞ്ചിനിയർ
1-24	62965	ശ്രീമതി സുജ എ.ഡി., അസി.എഞ്ചിനിയർ
1-28	61454	ഡോ. ആക്സ ജി.എം., മെഡിക്കൽ ഓഫീസർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക ₹	സർക്കാർ
ഇല്ല		

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ശ്രീധരൻ എ., സെക്രട്ടറി	സെക്രട്ടറി, വെള്ളത്തുവൽ ഗ്രാമപഞ്ചായത്ത്	ഗോകുലം വീട് കോടാവിളാകം പി. ഒ. പാറശ്ശാല തിരുവനന്തപുരം
ശ്രീമതി പ്രിയ പീറ്റർ, കൃഷി ഓഫിസർ	കൃഷിഭവൻ, വെള്ളത്തുവൽ	പുത്തൻപുരയിൽ വീട്, ഏനാനെല്ലൂർ പി.ഒ.,

		മൂവാറ്റുപുഴ - 686673
ശ്രീമതി സുജ എ.ഡി.,അസി.എഞ്ചിനിയർ	അസി.എഞ്ചിനിയർ,അടിമാലി ബ്ലോക്ക് പഞ്ചായത്ത്	മണിയാംപള്ളി വീട്, അടിമാലി പി.ഒ. ഇടുക്കി ജില്ല-685561
ഡോ. ആക്സ ജി.എം., മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, വെള്ളത്തുവൽ ഗ്രാമ പഞ്ചായത്ത്	മോളത്ത് (H), ഉപ്പുതോട് പി.ഒ., ഇടുക്കി- 685604

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	ഖണ്ഡികകളുടെ എണ്ണം	അവശേഷിക്കുന്ന ഖണ്ഡികകൾ
1996-97	എൽ.എഫ്.ഐ.7/99/ 98/ 29.06.98	5	30, 31, 32, 35, 37
1997-98	എൽ.എഫ്.ഐ.8/ 592/99/ 01.12.99	7	28, 31, 32, 34, 35, 36, 38
1999-00	എൽ.എഫ്.ഐ.8-508/2001/ 01.01.2002	4	21(2), 23, 24, 26, 27, 28
2001-02	എൽ.എഫ്.ഐ.8-289/2004/ 13.01.2005	1	13
2002-03	എൽ.എഫ്.ഐ.8-210/2005/ 10.08.2005	2	3-10 (എ)& (ബി), 3-11
2003-04	എൽ.എഫ്.ഐ. 7/632/2007/ 05.10.2007	1	3-3
2005-06	എൽ.എഫ്.ഐ. 7/83/2008/16.10.2008	1	3-5, 3-7
2006-07	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2006-07)	2	2.5, 3.2
2007-08	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2007-08)	2	3.7, 3.8
2008-09	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2008-09)	8	3.3, 3.4, 3.5, 3.6, 3.9, 3.10, 3.11, 3.12
2009-10	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2009-10)	6	3.3, 3.4, 3.6, 3.8, 3.9, 3.11
2010-11	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2010-11)	2	3.2, 3.3
2011-12	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2011-12)	1	3.7
2012-13	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2012-13)	0	
2013-14	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2013-14)	4	3.2, 3.4, 3.6, 3.8
2014-15	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2014-15)	1	3.1
2015-16	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2015-16)	8	2.2, 3.2
2016-17	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2016-17)	5	2.2, 3.1, 3.6, 3.10, 3.11
2017-18	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2017-18)	6	3.1, 3.3, 3.5, 3.6, 3.7, 3.8
2018-19	കെഎസ്എ-ഐ.ഡി.കെ.11-97/2019/ 20.11.2019	20	1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-21, 1-22, 1-23, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-34
2019-20	കെഎസ്എ-ഐ.ഡി.കെ-7/197/22 തീയതി 10.03.2022	44	1-1 മുതൽ 1-32 വരെ, 2-1, 4-1 മുതൽ 4-11 വരെ
2020-21	കെഎസ്എ-ഐ.ഡി.കെ-7/1013/22 തീയതി 30.07.2022	14	1-9 മുതൽ 1-23 വരെ
2021-22	കെഎസ്എ- ഐ.ഡി.കെ- 7/ 415/ 2023 തീയതി 29.04.2023	19	1-1 മുതൽ 1-19 വരെ

റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vellathooval Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vellathooval Grama Panchayat for the year 2022-2023

Date: 26/12/2023

Deputy Director
District Office Idukki
Kerala State Audit Department

Audit Report appended to the Audit Certificate of Vellathooval Grama Panchayat for the Year 2022-2023 .

1.Major Observations

1 . All mandatory financial statements prescribed in accounting rules are not provided for audit.

2. Discrepancies / ommissions happened while the closing balance of previous year liabilities and assets in the balance sheet are brought forwarded to current years (2022-23) opening balance.

2.Other Observations

1. Cash Flow statement -Â net increase / decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2. Demand Registers does not match with financial statements.

3. Registers viz., Advance Registers, Deposit Registers etc., are not maintained correctly and does not match with accounts.

4. Lack of authenticated journel vouchers for supporting the adjustments entries recorded and those recorded in prior period items.

5. Demand Registers are not periodically reconciled with accounts.

6. Liability amount shown in B2, B4 schedules in Balance Sheet does not match with the respective bank accounts.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്